പീതപ്രായസ്യ ജനനീ സാ തസ്യ രുചിരസ്മിതം
മുഖം ലാലയതീ രാജൻ ജൃംഭതോ ദദൃശേ ഇദം (10–7–35)
ഖം രോ ദസീ ജ്യോതിരനീകമാശാ: സൂര്യേന്ദു വഹ്നിശ്വസനാം ബുധീംശ്ച
ദ്വീപാൻ നഗാം സ്തദ്ദുഹിതൃർവ്വനാനി ഭൂതാനി യാനി സ്ഥിരജംഗമാനി (10–7–36)
സാ വീക്ഷ്യ വിശ്വം സഹസാ രാജൻ സംജാതവേപഥു
സമ്മീല്യ മൃഗശാബാക്ഷീ നേത്രേ ആസീത് സുവിസ്മിതാ (10–7–37)

*ശുകമുനി തുടർന്നു:*
കൃഷ്ണൻ കമിഴാൻ തുടങ്ങിയത് വൃന്ദാവനവാസികൾക്കെല്ലാം ആനന്ദത്തിൻെറ അവസരമായി. കാരണം കൃഷ്ണനെ വൃന്ദാവനത്തിലെ വീടുകളിലെല്ലാം സ്വന്തം കുട്ടിയായി കരുതിപ്പോന്നു. അവൻെറ ജീവിതത്തിലെ ഓരോ സംഭവങ്ങളും എല്ലാ വീടുകളിലും ആഘോഷാവസരമായി. ഉത്സവസമയത്ത് യശോദ കൃഷ്ണനെ ഒരു കാളവണ്ടിയുടെ അടിയിൽ കിടത്തി മറ്റു സ്ത്രീകളോട് വർത്തമാനം പറഞ്ഞിരുന്നു. വണ്ടിയിൽ നിറയെ പാലും മറ്റും വച്ചിരുന്നു. ബഹളത്തിൽ കുഞ്ഞിൻെറ കരച്ചിൽ അമ്മ കേട്ടുമില്ല. കൃഷ്ണൻ തൻെറ പിഞ്ചു പാദങ്ങൾകൊണ്ട് വണ്ടിയിൽ ചവിട്ടിയപ്പോൾ വണ്ടി തകിടംമറിഞ്ഞ് പാലും മറ്റു സാധനങ്ങളും അവിടെ ചിതറിപ്പോയി. അമ്മയും മറ്റുള്ളവരും ഓടിയെത്തി ശിശുവിനൊന്നും സംഭവിച്ചില്ലെന്നറിഞ്ഞ് സമാധാനിച്ചു. ഗോപാലർ ഗ്രാമത്തിലെ മുതിർന്നവരോട് കൊച്ചുകൃഷ്ണനാണ് വണ്ടി മറിച്ചതെന്ന് പറഞ്ഞു. അവരത് വിശ്വസിക്കാൻ കൂട്ടാക്കിയില്ല. അവർ ബ്രാഹ്മണരെക്കൊണ്ട് പ്രത്യേക പ്രാർത്ഥനകൾ നടത്തിച്ചു. അവർക്കതിൽ ഉറച്ച വിശ്വാസമുണ്ടായിരുന്നു. ഒരു ദുരാത്മാവ് വണ്ടിയിൽ പ്രവേശിച്ചുവെന്നും അതിൻെറ ശരീരമില്ലാത്ത ഗതിയിൽനിന്നും കൃഷ്ണൻെറ പാദസ്പർശംകൊണ്ട് അതിനു മോക്ഷം ലഭിച്ചുവെന്നും പറയപ്പെടുന്നു. മറ്റൊരു ദിവസം യശോദ മകനെ മടിയിലിരുത്തി കളിപ്പിക്കുകയായിരുന്നു. പെട്ടെന്ന് മകന് ഭാരം വർദ്ധിച്ചു. മഹാമേരുവിൻെറ ഭാരമുണ്ടവന് എന്നമ്മക്ക് തോന്നി. ഇതിനെപ്പറ്റിയാലോചിച്ച് വിസ്മയം പൂണ്ടു ആ അമ്മ. ആപത്തൊന്നും വരല്ലേ എന്ന് പ്രാർത്ഥിക്കുകയും ചെയ്തു.

ഒരു ദിവസം ഗ്രാമം മുഴുവൻ ചുഴലികൊടുങ്കാറ്റിനടിപ്പെട്ടു. പരസ്പരം കാണാൻ വയ്യാത്തത്ര പൊടിപടലം. ദിവ്യശിശുവിനെ കാണാൻ കഴിയാതെ യശോദ വിഷമിച്ചു. തലചുറ്റി വീണു. കംസൻെറ ഒരു രാക്ഷസപ്പടയാളി ചുഴലിയായി വന്ന് കുട്ടിയെ തട്ടിക്കൊണ്ടു പോയി. എന്നാൽ കുഞ്ഞ് ക്രമേണ ഭാരം വർദ്ധിച്ച് രാക്ഷസന് പൊക്കാൻ വയ്യാത്തത്രയായി. എന്നാൽ അവന് കൃഷ്ണൻെറ പിടിയിൽ നിന്ന് വിടുതൽ കിട്ടി രക്ഷപ്പെടാനും കഴിഞ്ഞില്ല. കൃഷ്ണൻ അവൻെറ കഴുത്തിൽ പിടികൂടിയിരുന്നു. അവസാനം അവനും സ്വരൂപത്തിൽ നിലത്തു കുഴഞ്ഞു വീണു മരിച്ചു. കൃഷ്ണൻ അവൻെറ നെഞ്ചത്തിരുന്നു കളിച്ചു. ചുഴലിയൊതുങ്ങി ശാന്തമായപ്പോൾ വലിയൊരു രാക്ഷസൻെറ നെഞ്ചിൽ കയറി കളിക്കുന്ന കൃഷ്ണനെയാണ് വൃന്ദാവനവാസികൾ കണ്ടത്. കുട്ടി അത്ഭുതകരമാംവണ്ണം രക്ഷപ്പെട്ടതു കണ്ട് അവർ ആഹ്ലാദിച്ചു.

ഒരു ദിവസം യശോദ മകനെ മുലയൂട്ടുമ്പോൾ അവൻെറ വായ് തുടച്ചു കൊടുത്തു. കൃഷ്ണൻ കോട്ടുവായിടുമ്പോൾ അവൻെറ വായിൽ വിശ്വം മുഴുവൻ: ആകാശം നക്ഷത്രങ്ങൾ സൂര്യചന്ദ്രൻമാർ ജീവികൾ എല്ലാം അവർ ദർശിച്ചു. ആ ദൃശ്യത്തിൽ യശോദ ആശ്ചര്യചകിതയായി. അൽപ്പം ഭയവും ആശങ്കയും ആ അമ്മയ്ക്കുണ്ടായി.